
# ബിർള രക്ഷപ്പെടുന്നു

സുരേന്ദ്രൻ

കോഴിക്കോട്: 37 വർഷംകൊണ്ട് കേരളത്തിന്റെ സമ്പത്തും വിഭവങ്ങളും പരമാവധി ചൂഷണം ചെയ്ത് 300 കോടി രൂപയിലധികം ലാഭം ഔദ്യോഗികമായിത്തന്നെ പുറത്തേയ്ക്കു കടത്തിയശേഷം മാവൂരിൽ നിന്ന് ബിർളയുടെ ഗ്രാസിം ഇൻഡസ്ട്രീസ് രക്ഷപ്പെടുകയാണ്.

ഡിസംബർ 2ന് നാഗ്ഡയിൽ വിളിച്ചുചേർത്ത ഓഹരിയുടമകളുടെ യോഗതീരുമാനത്തിന് മദ്ധ്യപ്രദേശ് ഹൈക്കോടതിയുടെ അനുമതി കിട്ടിയാൽ മാവൂരിലെ പൾപ്പ്, ഫൈബർ ഡിവിഷനുകൾ വിറ്റൊഴിക്കാൻ ഗ്രാസിം നടത്തുന്ന ശ്രമം പൂർത്തിയാകും. ഇതോടെ മാവൂരിലെ ദുരന്തത്തിന് ഉത്തരം പറയാൻ അവശേഷിക്കുക മൂൺലൈറ്റ് കെംഫാബ് (ഇന്ത്യ) ലിമിറ്റഡ് എന്ന നിലാവത്തുദിച്ച ബിനാമി കമ്പനി മാത്രം. 1956ലെ കമ്പനിനിയമത്തിന്റെ 391, 394 വകുപ്പുകൾ പ്രകാരം മാവൂർ ഫാക്ടറി കൈമാറുന്നതിന് അനുമതി തേടിക്കൊണ്ട് ഗ്രാസിം സമർപ്പിച്ച അപേക്ഷ പരിഗണിച്ച മദ്ധ്യപ്രദേശ് ഹൈക്കോടതിയുടെ (ഇൻഡോർബെഞ്ച്) നിർദ്ദേശപ്രകാരമാണ് ഓഹരിയുടമകളുടെ യോഗം വിളിച്ചത്.

അസംസ്കൃതവസ്തുക്കൾ നൽകാനുള്ള കരാർ കേരളസർക്കാർ പാലിച്ചില്ലെന്നും ഉൽപ്പാദനമില്ലാത്ത ഫാക്ടറിയുടെ പേരിൽ മാസംതോറും 2.42 കോടി രൂപ ബാദ്ധ്യത വരുത്തിയെന്നും മറ്റ ഫാക്ടറികൾ നിന്നുകലെ തെക്കൻ കേരളത്തിലുള്ള മാവൂർഫാക്ടറി നോക്കിനടത്താനാകില്ലെന്നുമൊക്കെയാണ് കൈമാറ്റത്തിനു കാരണമായി ഗ്രാസിം അവതരിപ്പിച്ചത്.



ചാലിയാർ തീരത്തെ മലിനീകരണബാധിത ജനതയ്ക്കും ഫാക്ടറിയിലെ തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകുന്നതിന്റെ ബാദ്ധ്യതകൾ ഏറ്റെടുക്കേണ്ടിവരുമെന്ന യഥാർത്ഥ കാരണം കൈമാറ്റരേഖയിൽ പരാമർശിക്കപ്പെടുന്നേയില്ല.

ഗ്രാസിം ഇൻഡസ്ട്രീസ് കക്ഷിയായി നിലനിൽക്കുന്ന കേസ്സുകളിലൊക്കെ ബാദ്ധ്യത ഗ്രാസിമിനുതന്നെയായിരിക്കുമെന്ന് പറയുമ്പോൾതന്നെ കൈമാറ്റ രേഖ വ്യക്തമാക്കുന്നത് ഇനിയങ്ങോട്ടുള്ള ഏതു കേസ്സിലും ബാദ്ധ്യത മൂൺലൈറ്റിനുമാത്രമായിരിക്കും എന്നതാണ്. മലിനീകരണത്തിന്റെ സാമ്പത്തികബാദ്ധ്യതയും ചാലിയാർ ശുദ്ധീകരിക്കുന്നതിനുള്ള ബാദ്ധ്യതയും നിലവിലുള്ള കേസ്സുകളിലൂടെയൊന്നും സ്ഥാപിച്ചെടുക്കാൻ പരിസ്ഥിതിപ്രക്ഷോഭത്തിന് സാധ്യമായിട്ടില്ലെന്നിരിക്കേ ആസ്തികൈമാറ്റം നിർണ്ണായകമായ ഒരു വഴിത്തിരിവായേക്കാം.

ഗ്രാസിം തൊഴിലാളിയൂണിയനുകൾ മദ്ധ്യപ്രദേശ് ഹൈക്കോടതിയിൽ കക്ഷിചേരുമെന്ന് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം നേടിയെടുക്കാൻപോലും പോരാടേണ്ടിവരിക മൂൺലൈറ്റ് എന്ന കടലാസുകമ്പനിയോടാകാം. ഒരു കോടി രൂപ മാത്രം അംഗീകൃതമൂലധനവും വെറും 4 ലക്ഷം രൂപ മാത്രം ഓഹരിമൂലധനവുമുള്ള മൂൺലൈറ്റിനോട്.

1000 കോടി രൂപയെങ്കിലും വിലമതിക്കും മാവൂരിൽ പടുത്തുയർത്തിയ വ്യവസായസാമ്രാജ്യമെന്ന് മേനി പറഞ്ഞിരുന്ന ഗ്രാസിം ഇവ കയ്യൊഴിക്കുന്നതോ വെറും 21.50 കോടി രൂപയ്ക്ക്!

നിലവാത്തഴിച്ചുവിട്ട കോഴിയെപ്പോലെ എന്തുചെയ്യണമെന്നറിയാതെ നിൽക്കുകയാണ് കേരളസർക്കാരും തൊഴിലാളിയൂണിയനുകളും. വീണ്ടും തുറക്കുന്നത് കേരളസമൂഹത്തിനും തൊഴിലാളിവർഗ്ഗത്തിനുതന്നെയും ഭീമമായ നഷ്ടം വരുത്തിവെയ്ക്കുമെന്നറിഞ്ഞിട്ടും മാവൂർ ഫാക്ടറി തുറപ്പിക്കാൻ തന്നെയാണ് സർക്കാരിന്റെ ശ്രമം. ഗ്രാസിമിനു നൽകിയിരുന്ന മുള മാത്രം ഉപയോഗിച്ച് പുതിയ കാലത്തിനുചേർന്ന മലിനീകരണമുക്ത ഉല്പന്നങ്ങൾ ഉണ്ടാക്കാനാകുമെന്നും ഇതിലൂടെ ഗ്രാസിം തൊഴിലാളികളെ മാത്രമല്ല, പരമ്പരാഗത മുള /ഈറ്റ തൊഴിലാളികളേയും പുനരധിവസിപ്പിക്കാമെന്നും ചാലിയാർ സമര ഏകോപന സമിതി സർക്കാരിനു നൽകിയ നിർദ്ദേശങ്ങൾ ഒരു ചർച്ചയ്ക്കും ഇതുവരെ വഴിവെച്ചിട്ടില്ല.